(സി) ഈ കൃഷിയിൽ നിന്നും ആണ്ടുതോറും എത്രമാത്രം വിളവ് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇങ്ങനെ ലഭിക്കുന്ന കൊക്കോ വിറ്റഴിക്കുന്നതിന് വേണ്ടത്ര വിപണന സൗകര്യം ഇല്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തു നടപടി സ്വീകരിക്കുവാൻ ആണ് ഉദ്ദേശിക്കുന്നത്?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) 12,000 ഹെക്ടർ.

(ബി) 5,000 ഹെക്ടർ.

(സി) 1979–80 സാമ്പത്തിക വർഷത്തിൽ 3,000 മെട്രിക്ക് ടൺ കൊക്കോക്കുരു ഉൽപ്പാദിപ്പിക്കപ്പെടുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(ഡി) ഉണ്ട്.

(ഇ) പ്രാദേശിക തലങ്ങളിൽ കൊക്കോ വിപണന സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ആക്ട്

* 81 [89] ശ്രീ. സ്റ്റീഫൻ പാദുവ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള നിയമസഭ പാസാക്കിയ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ആക്ട് എന്നു നടപ്പിൽ വരുമെന്നു വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

കേരള നിയമസഭ പാസാക്കിയ കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബിൽ, 1978, രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചിരിക്കുകയാണ്. ഈ ബിൽ ആക്ട് ആയ ശേഷം നടപ്പിൽ വരുത്തുന്നതാണ്.

ഹരിജൻ കോളനികളിൽ കൃഷി ആരംഭിക്കുന്നതിന് നടപടി

* 82 [90] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ ഹരിജൻ കോളനികളിൽ കൃഷി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഇതിനോടകം എത്ര കോളനികളിൽ ഹരിജനങ്ങൾക്ക് ഇതിനുള്ള സൗകര്യം ലഭ്യമായി?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) സംസ്ഥാനത്തെ ഹരിജൻ/ഗിരിജൻ കോളനികളിൽ താമസിക്കുന്നവർക്ക് സ്വന്തസ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly